# മദ്ഹബുകളും പ്രമാണങ്ങളും

ശാഫി സ്വലാഹി ചങ്ങലീരി

---

നമ്മുടെ കേരളക്കരയിൽ ഏറെ പ്രചാരം സിദ്ധിച്ച ഒരു മദ്ഹബാണ് ശാഫിഈ മദ്ഹബ്. ഹിജ്റഃ 150ൽ ജനിക്കുകയും 204ൽ മരണപ്പെടുകയും ചെയ്ത ലോക പ്രസിദ്ധ പണ്ഡിതനും മഹാനുമായ മുഹമ്മദുബ്നു ഇദ്‌രീസുശ്ശാഫിഈ(റ) യുടെ പേരിലാണ് പ്രസ്തുത മദ്ഹബ് അറിയപ്പെടുന്നത്. ഇസ്‌ലാമിക ലോകത്തിന് വൈജ്ഞാനികമായ ഒരുപാട് സംഭാവനകൾ നൽകിയ മഹാനാണ് ഇമാം ശാഫിഈ(റ). എന്നാൽ അദ്ദേഹം തന്റെ അഭിപ്രായങ്ങളെല്ലാം ഒരു മദ്ഹബായി പ്രഖ്യാപിച്ച് സമൂഹത്തെ ഏൽപിച്ച് പോയിട്ടില്ല. മറിച്ച് പിൽകാലത്ത് തന്റെ ശിഷ്യന്മാരും അനുയായികളുമാണ് അദ്ദേഹത്തിന്റെ പേരിൽ മദ്ഹബ് ആവിഷ്കരിച്ചത്.

അപ്രകാരം തന്നെയാണ് വിവിധ ദേശങ്ങളിലും കാലങ്ങളിലും ജീവിച്ച മറ്റു പണ്ഡിത ശ്രേഷ്ഠരായ ഇമാം അബൂഹനീഫ(റ), ഇമാം മാലിക്(റ), ഇമാം അഹ്മദ്ബ്നു ഹമ്പൽ(റ) എന്നിവരുടെ പേരിലും പിൽകാലത്ത് അനുയായികൾ യഥാക്രമം ഹനഫി, മാലികി, ഹമ്പലി എന്നീ മദ്ഹബുകളുണ്ടാക്കിയതും. അങ്ങനെ കാലം കുറെ കഴിഞ്ഞപ്പോൾ അവരുടെ അനുയായികൾ എന്നവകാശപ്പെടുന്ന ചില സ്ഥാപിത താൽപര്യക്കാർ പ്രസ്തുത മദ്ഹബുകളെ മതത്തിന്റെ അവസാന വാക്കായി അവതരിപ്പിക്കുകയും നാല് മദ്ഹബും സത്യസമ്പൂർണമാണെന്നും പ്രസ്തുത നാലിൽ ഒരു മദ്ഹബ് പിൻപറ്റാതെ ഒരാളും മുസ്‌ലിമാവുകയില്ലെന്നും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്നും; അതിൽനിന്ന് വിട്ടുനിന്നാൽ പിഴച്ചുപോകുമെന്നും വാദിക്കാൻ തുടങ്ങി. അത് എത്രത്തോളം കാടുകയറി എന്നു ചോദിച്ചാൽ, ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ വിശുദ്ധ ഖുർആനിനെയും തിരുസുന്നത്തിനെയും നിരാകരിക്കുന്നേടത്തേക്ക്പോലും. എത്തിതീർന്നു! അതിന്റെ ഉദാഹരണങ്ങൾ മുസ്ല്യാക്കന്മാരുടെ വിരികളിലൂടെതന്നെ നമുക്ക് വായിക്കാം:

**(മദ്ഹബുകളും ഇമാമുകളും ഹ്രസ്വപഠനം പേജ്: 1, നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ല്യാർ)**




ഇമാം സ്വാവി പറയുന്നു: നാല് മദ്ഹബുകളല്ലാത്തതിനെ അനുഗമിക്കൽ ജാഇസല്ല, അതൊരുപക്ഷെ സഹാബത്തിന്റെ വാക്കിനോടും സഹീഹായ ഹദീസിനോടും ഒത്തുകണ്ടാലും ശരി. നാല് മദ്ഹബുകൾക്കപ്പുറം ചവിട്ടുന്നവൻ വഴിതെറ്റിയവനും തെറ്റിക്കുന്നവനുമത്രെ. ചിലപ്പോൾ ഈ വേല കുഫ്റിലെത്തിക്കും. കാരണം ഖുർആൻ ഹദീസിന്റെ ഉപരിതല സാരം കൊണ്ട് പിടിച്ചുനിൽക്കൽ കുഫ്റിന്റെ അടിക്കല്ലുകളിലൊന്നാണ്",
(സ്വാവി, 3.9)

(കർമ്മശാസ്ത്രം മദ്ഹബ് സുന്നിവോയ്സ് പേജ്: 46, 2006 നവംബർ 1–15)




## സുന്നികളുടെ കർമ്മശാസ്ത്രം

വിശ്വാസി തന്റെ ജീവിതത്തിൽ അനുവർത്തിക്കേണ്ട കർമ്മങ്ങളുടെയും വിധികളുടെയും വൈപുല്യതയും വ്യാപ്തിയും ഉൾക്കൊള്ളുന്ന സമഗ്രസിദ്ധാന്തമാണ് . ഇസ്ലാമിക കർമ്മശാസ്ത്രം. നാലു മദ്ഹബുകളിലായി അവ സുഭദ്രമായി നിലകൊള്ളുന്നു. മദ്ഹബ് അംഗീകരിക്കുന്നവർക്ക് മാത്രമാണ് ഇസ്ലാമിക കർമ്മ ശാസ്ത്രത്തിന്റെ സത്ത ഉൾകൊള്ളാൻ കഴിയുക. ഇസ്ലാമിക നിയമങ്ങളുടെ ഭദ്രത തകരാനാഗ്രഹിക്കുന്നവരും തകർക്കാനുദ്ദേശിക്കുന്നവരുമാണ് മദ്ഹബ് വിരോധം വെച്ചു പുലർത്തുന്നവർ. മദ്ഹബ് നിരാകരണം മൂലം തത്ത്വത്തിൽ വ്യവസ്ഥാപിതമായ ഇസ്ലാമിന്റെ വിധി വിലക്കുകളെ തകിടം മറിച്ചു പകരം തങ്ങളുടെ ദുർബല ചിന്തയിൽ നിന്നുൽഭവിക്കുന്നത് മതമായി രൂപാന്തരപ്പെടുന്നു. അതോടെ ഇസ്ലാം വിരുദ്ധരുടെ ലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടുകയായി.

(മുജാഹിദ് പ്രസ്ഥാനം എങ്ങോട്ടോ? പേജ് 23, അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്)




ഹുജ്ജത്തുൽ ഇസ്ലാം ഇമാം ഗസ്സാലി (റ) എഴുതുന്നു:
"സാധാരണക്കാരന് മതപണ്ഡിതനെ പിൻപറ്റൽ നിർബന്ധമാണ്. പണ്ഡിതൻ സത്യം പറയട്ടെ, കളവ് പറയട്ടെ, അല്ലെങ്കിൽ ശരി പറയട്ടെ, അബദ്ധം പറയട്ടെ, സാധാരണക്കാരുടെ ബാധ്യത പണ്ഡിതൻ പറയുന്നത് സ്വീകരിക്കലാണെന്ന കാര്യത്തിൽ 'ഇജ്മാഅ്' ഉണ്ട്." (മുസ്തഫ-2/123)

(കർമ്മശാസ്ത്രം മദ്ഹബ്, സുന്നിവോയ്സ് പേജ്: 77, 2006 നവംബർ 1–15)




കർമ്മപരമായി നാലിൽ ഒരു മദ്ഹബ് സ്വീകരിക്കുക എന്നതാണ് അഹ്ലുസ്സുന്നയുടെ നിലപാട്. ഇത് അംഗീകരിക്കാത്തവർക്ക് മുസ്ലിംകളായി ജീവിക്കാനാവുകയില്ല. മദ്ഹബുകളെ നിരാകരിക്കുന്നവർ ഫലത്തിൽ ഇസ്ലാമിനെ തന്നെയാണ് നിരാകരിക്കുന്നത്. ഖുർആനും സുന്നത്തുമുണ്ടാകുമ്പോൾ എന്തിന് മദ്ഹബുകൾ എന്ന് ചോദിക്കുന്നവരുണ്ട്.. അൽപജ്ഞാനവും അഹന്തയുമാണ് ഇത്തരം ചോദ്യങ്ങൾക്ക് കാരണം.

നോക്കൂ, എത്രമാത്രം അപകടകരമായ വരികളാണിത്! മദ്ഹബുകളാണ് മതത്തിന്റെ പൂർണ്ണ രൂപമെന്നും മദ്ഹബുകളൊഴിവാക്കി ഇസ്ലാമിക പ്രമാണങ്ങളിൽനിന്ന് നേരിട്ട് മതമുൾകൊള്ളൽ മതത്തെ തകർക്കലാണെന്നും, അതിനാൽ മദ്ഹബിന്റെ അഭിപ്രായങ്ങൾക്ക് വിരുദ്ധമായി ഇസ്ലാമിക പ്രമാണങ്ങളുടെ ഖണ്ഡിതമായ വിധികൾ കണ്ടാൽപോലും ആ മദ്ഹബ് സ്വീകരിക്കുകയാണത്രെ വേണ്ടത്! മാത്രമല്ല പണ്ഡിതന്മാർ കളവുപറഞ്ഞാലും തെറ്റുപറഞ്ഞാലും അതംഗീകരിക്കൽ നിർബന്ധമാണ്പോലും! അങ്ങനെയുള്ള മദ്ഹബുകൾ സ്വീകരിക്കാത്തവർ വഴിപിഴച്ചവരും പിഴപ്പിക്കുന്നവരുമാണെന്നും?! വല്ലാത്ത അത്ഭുതംതന്നെ! മദ്ഹബീ പക്ഷപാതിത്തം അതിന്റെ അനുയായികളെ എത്രമാത്രം അന്ധരാക്കിത്തീർക്കും എന്നതിനുള്ള വ്യക്തമായ ഉദാഹരണങ്ങളാണിത്.

എന്നാൽ മദ്ഹബിന്റെ ഇമാമുകൾ ഇതിനെല്ലാം ഉത്തരവാദികളാണോ? ഒരിക്കലുമല്ല! അവരാരുംതന്നെ ഞങ്ങൾ പറയുന്നതാണ് മതത്തിന്റെ അവസാനവാക്ക് എന്നോ, ഞങ്ങളെ തെളിവുനോക്കാതെ അന്ധമായി അനുകരിക്കണമെന്നോ (തഖ്ലീദ് ചെയ്യണമെന്നോ) പറഞ്ഞിട്ടില്ല. മറിച്ച് അവർ പറഞ്ഞത്, ഞങ്ങൾ മതകാര്യത്തിൽ പൂർണരല്ലെന്നും ഞങ്ങൾ പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമായി നബി(ﷺ)യുടെ സ്വഹീഹായ ഹദീസുകൾ കിട്ടിയാൽ ഞങ്ങളുടെ അഭിപ്രായങ്ങളെ മാറ്റിവെച്ച് നബി(ﷺ)യുടെ വാക്കുകളിലേക്ക് മടങ്ങേണമെന്നുമാണ്. ഇതിനുദാഹരണങ്ങൾ അവരുടെയും ശിഷ്യന്മാരുടെയും ഗ്രന്ഥങ്ങളിൽ എമ്പാടും കാണാം. ചിലതുമാത്രം ഉദാഹരണത്തിന് ഉദ്ധരിക്കാം.

ഇമാം ശാഫിഈ(റ)ക്ക് ചില വിഷയങ്ങളിൽ ഹദീസ് ലഭിക്കാത്തതിനാൽ അദ്ദേഹം സ്ഥിരപ്പെട്ട ഹദീസുകളിലുള്ളതിനെതിരു പറഞ്ഞത് എടുത്തുദ്ധരിച്ച ശേഷം ചെറിയ ശാഫി, രണ്ടാം ശാഫി എന്നീ പേരുകളിലെല്ലാം പരിചയപ്പെടുത്താറുള്ള ശാഫിഈ മദ്ഹബിലെ ആധികാരിക പണ്ഡിതനായ ഇമാം നവവി(റ) പറയുന്നത് പ്രത്യേകം ശ്രദ്ധിക്കുക.

(1) സ്വഹീഹ് മുസ്ലിം 2077-ാം നമ്പറായി ഉദ്ധരിച്ച, ചെന്താമര നിറമുള്ള (കാവി) വസ്ത്രം ധരിക്കാൻ പാടില്ലെന്ന ഹദീസിന് വിരുദ്ധമായി അത് അനുവദനീയമാണെന്ന് ഇമാം ശാഫിഈ(റ) പറഞ്ഞിട്ടുണ്ട്. അതിനു മറുപടിയായി ഇമാം നവവി ഉദ്ധരിക്കുന്നത് കാണുക:

**(ശറഹ് മുസ്ലിം: 7/304)**



٣٠٤ (٤) باب النهي عن لبس الرجل الثوب المعصفر ٣٧- كتاب اللباس والزينة

النهي هنا على المحرم بالحج أو العمرة ليكون موافقًا لحديث ابن عمر - رضي الله عنه - نهى المحرم أن يلبس ثوبًا مسه ورس أو زعفران. وأما البيهقي - رضي الله عنه - فأتقن المسألة فقال في كتابه معرفة السنن: نهى الشافعي الرجل عن المزعفر، وأباح المعصفر، قال الشافعي: وإنما رخصت في المعصفر؛ لأني لم أجد أحدًا يحكي عن النبي ﷺ النهي عنه إلا ما قال علي - رضي الله عنه -: نهاني ولا أقول نهاكم. قال البيهقي: وقد جاءت أحاديث تدل على النهي على العموم، ثم ذكر حديث عبد الله بن عمرو بن العاص، هذا الذي ذكره مسلم، ثم أحاديث أخر، ثم قال: ولو بلغت هذه الأحاديث الشافعي لقال بها إن شاء الله ثم ذكر بإسناده ما صح عن الشافعي أنه قال: إذا كان حديث النبي ﷺ خلاف قولي فاعملوا بالحديث ودعوا قولي، وفي رواية فهو مذهبي، قال البيهقي: قال الشافعي: وأنهى الرجل الحلال بكل حال أن يتزعفر، قال: وآمره إذا تزعفر أن يغسله، قال البيهقي: فتبع السنة في المزعفر فمتابعتها في المعصفر أولى، قال: وقد كره المعصفر بعض

*അർത്ഥം:* "ഇമാം ശാഫിഈ(റ) പുരുഷന് കുങ്കുമ നിറമുള്ള വസ്ത്രം വിരോധിച്ചു. ചെന്താമര നിറമുള്ളത് (കാവി വസ്ത്രം)അനുവദനീയമാക്കി. ഇതിന് ഇമാം ശാഫിഈ പറയുന്ന കാരണം, നബി(ﷺ) അത് വിരോധിച്ചതായി ഉദ്ധരിക്കുന്നത് ഒരാളിൽനിന്നും എനിക്ക് ലഭിച്ചിട്ടില്ല എന്നാണ്. എന്നാൽ അലി(റ) പറഞ്ഞിട്ടുണ്ട്: 'എന്നെ നബി(ﷺ), കാവി വസ്ത്രം ധരിക്കുന്നത് വിരോധിച്ചു. നിങ്ങളെ വിരോധിച്ചു എന്ന് ഞാൻ പറയുന്നില്ല.' ഇപ്രകാരം വന്നിട്ടുണ്ടെങ്കിലും. (ഈ വിരോധം അലി(റ)ക്ക് മാത്രമാണെന്ന് ഇമാം അഭിപ്രായപ്പെടുന്നു.) ആഎന്നാൽ (ഇമാം നവവി പറയുന്നു) പൊതുവെ അത് വിരോധിക്കപ്പെട്ടതാണ് എന്നതിന് ധാരാളം ഹദീസുകൾ വന്നിട്ടുണ്ട്. ...ഈഹദീസുകൾ ഇമാം ശാഫിഈക്ക് കിട്ടിയിരുന്നുവെങ്കിൽ അദ്ദേഹം അതനുസരിച്ച് പറയുമായിരുന്നു. (കാരണം) ഇമാം ശാഫിഈ(റ) ഇപ്രകാരം പറഞ്ഞതായി തുടർന്ന് സ്വഹീഹായ പരമ്പരയിലൂടെ വന്നിട്ടുള്ളതാണ്: "നബി(ﷺ)യുടെ ഹദീസ് എന്റെ വാക്കിന് എതിരായാൽ നിങ്ങൾ ഹദീസുകൊണ്ട് പ്രവർത്തിക്കുക. എന്റെ അഭിപ്രായത്തെ ഉപേക്ഷിക്കുക". മറ്റൊരു റിപ്പോർട്ടിലുള്ളത് "അതാണ് (നബി(ﷺ) പറഞ്ഞത് സ്വീകരിക്കൽ) എന്റെ മദ്ഹബ്" *(ശറഹ് മുസ്ലിം: 7/304)*

(2) മഗ്‌രിബ് നമസ്കാരത്തിന്റെ സമയം അസ്തമനശോഭ മറയുന്നതുവരെയാണെന്ന് സ്വഹീഹായ ഹദീസുകളിലുണ്ട് (ഉദാ:- സ്വഹീഹ് മുസ്‌ലിം ഹദീസ് നമ്പർ: 612) എന്നാൽ ഈ സ്ഥിരപ്പെട്ട കാര്യത്തിനെതിരായി, ഇമാം ശാഫിഈ(റ) പറയുന്നത് മഗ്‌രിബിന്റെ സമയം സൂര്യൻ അസ്തമിച്ച ഉടനെ അൽപനേരം മാത്രമാണെന്നാണ്. ഇതിന് മറുപടിയായി ഇമാം നവവി(റ) പറയുന്നത് നോക്കൂ:

**(ശറഹുൽ മുഹദ്ദബ്: 3/30,31)**



الاخرى » رواه مسلم وسبق بيانه فاذا عرفت الاحاديث الصحيحة تعين القول به جزما لان
الشافعي نص عليه في القديم كما نقله ابو ثور وعلق الشافعي القول به في الاملاء على ثبوت الحديث
وقد ثبت الحديث بل احاديث والاملاء من كتب الشافعي الجديدة فيكون منصوصا عليه في
القديم والجديد وهذا كله مع القاعدة العامة التي أوصى بها الشافعي رحمه الله انه اذا صح الحديث
خلاف قوله يترك قوله ويعمل بالحديث وان مذهبه ما صح فيه الحديث وقد صح الحديث ولا
معارض له ولم يتركه الشافعي الا لعدم ثبوته عنده ولهذا علق القول به في الاملاء على ثبوت
الحديث وبالله التوفيق ‌ه واما حديث صلاة جبريل عليه السلام في اليومين في وقت فجوابه من ثلاثة
أوجه أحسنها وأصحها أنه انما أراد بيان وقت الاختيار لا وقت الجواز فهكذا هو في اكثر الصلوات
هي العصر والعشاء والصبح وكذا المغرب (والثاني) أن حديث جبريل مقدم في أول الامر بمكة

*അർത്ഥം:* "മഗ്‌രിബ് നമസ്കാരത്തിന്റെ സമയം ഹ്രസ്വമല്ല; അസ്തമനശോഭ മറയുന്നതുവരെ അത് നീണ്ടുപോകും എന്ന് മുസ്‌ലിം റിപ്പോർട്ടുചെയ്തിട്ടുണ്ട്. അതിന്റെ വിവരണം മുമ്പ് പറഞ്ഞുകഴിഞ്ഞു. അപ്പോൾ ആവിഷയത്തിൽ ഹദീസുകൾ സ്വഹീഹായിട്ടുണ്ട് എന്ന് നീ മനസ്സിലാക്കിയാൽ അത് ഉറപ്പിച്ചു പറയൽ നിർണ്ണിതമായി. കാരണം ഇമാം ശാഫിഈ അദ്ദേഹത്തിന്റെ പഴയ അഭിപ്രായത്തിൽ അത് വ്യക്തമാക്കി എന്ന് അബൂസൗർ ഉദ്ധരിച്ചപോലെ തന്നെയാണ് ഈ വിഷയത്തിൽ ഹദീസ് സ്ഥിരപ്പെടുകയാണെങ്കിൽ (സ്വഹീഹ് ആവുകയാണെങ്കിൽ) ഞാൻ അതുതന്നെ പറയും എന്നൊരു ഉപാദി ഇമാം ശാഫിഈ അദ്ദേഹത്തിന്റെ ഇംലാഅ് എന്ന കിതാബിൽ പറഞ്ഞിട്ടുമുണ്ട്. ഈ വിഷയത്തിൽ ഒന്നല്ല, പല ഹദീസുകളും സ്ഥിരപ്പെട്ടിട്ടുണ്ട്. ഇംലാഅ് എന്ന കിതാബ് ഇമാമിന്റെ പുതിയതും പഴയതുമായ രണ്ടഭിപ്രായത്തിലും വ്യക്തമാക്കപ്പെട്ടതാകുന്നു. കിതാബുകളിൽ പെട്ടതുമാണ്. അപ്പോൾ മഗ്‌രിബിന്റെ സമയം വിശാലമാണെന്ന കാര്യം ഇമാം ശാഫിഈ(റ)യുടെ വസ്വിയ്യത്ത് ചെയ്ത ഒരു പൊതു നിയമം ഉള്ളതിനോടൊപ്പമാണ് ഈപറഞ്ഞതെല്ലാം. അദ്ദേഹത്തിന്റെ അഭിപ്രായത്തിന് എതിരായി ഹദീസ് സ്വഹീഹായി വന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായം ഉപേക്ഷിച്ച്

ഹദീസുകൊണ്ട് പ്രവർത്തിക്കുകയും ചെയ്യണമെന്നതാണത്. ഈവിഷയത്തിൽ എതിരില്ലാത്ത രൂപത്തിൽ ഹദീസ് സ്വഹീഹായി വന്നിട്ടുണ്ട്. അതിനെതിരായി ഹദീസ് സ്ഥിരപ്പെട്ടിട്ടുമില്ല. ഇമാം ശാഫിഈ(റ)യുടെ അടുക്കൽ ഇത് സ്ഥിരപ്പെടാത്തതുകൊണ്ടാണ് അദ്ദേഹം ഇതിനെ(മഗ്‌രിബിന്റെ സമയം അസ്തമനശോഭ മറയുന്നതുവരെ വിശാലമാണെന്നത്) ഉപേക്ഷിച്ചത്." *(ശറഹുൽ മുഹദ്ദബ്: 3/30,31)*

(3) ദൈവികശിക്ഷ ഇറങ്ങിയ സ്ഥലങ്ങളിലെ വെള്ളം ഉപയോഗിക്കാൻ പാടില്ലെന്നും സ്വഹാബികൾ അറിയാതെ അതുപയോഗിച്ചപ്പോൾ അതൊഴിവാക്കാൻ നബി(ﷺ) കൽപിക്കുകയും ചെയ്തത് ഹദീസുകളിലുണ്ട് (ഉദാ:- സ്വഹീഹുൽ ബുഖാരി ഹദീസ് നമ്പർ: 3378, സ്വഹീഹ് മുസ്‌ലിം ഹദീസ് നമ്പർ:2981) എന്നാൽ അത്തരം സ്ഥലങ്ങളിലെ വെള്ളം നിരുപാധികം അനുവദനീയമാണെന്നാണ് ഇമാം ശാഫിഈ(റ)യുടെ വീക്ഷണം. ഇമാം നവവി(റ) അതിനെ ഖണ്ഡിച്ചുകൊണ്ട് പറയുന്നത് ഈവിഷയത്തിലുള്ള ഹദീസ് ഇമാം ശാഫിഈ(റ)ക്ക് കിട്ടിയിട്ടില്ല എന്നാണ്. ശേഷം അദ്ദേഹം പറയുന്നത് നോക്കൂ:

**(ശറഹുൽ മുഹദ്ദബ്: 1/92)**



— ٩٢ —

آبارها ولا يستقوا منها فقالوا قد عجنا منها وأستقينا فأمرهم النبي ﷺ أن يطرحوا ذلك العجين ويهريقوا ذلك الماء قلت فاستعمال ماء هذه الآبار المذكورة في طهارة وغيرها مكروه او حرام إلا لضرورة لان هذه سنة صحيحة لا معارض لها وقد قال الشافعي اذا صح الحديث فهو مذهبي فيمنع استعمال آبار الحجر الابئر الناقة ولا يحكم بنجاستها لان الحديث لم يتعرض للنجاسة والماء طهور بالاصالة وهذه المسئلة ترد على قول المصنف لايكره من ذلك الا ماقصد الي تشميسه وكذلك يرد عليه شديد الحرارة والبرودة والله أعلم : قال المصنف رحمه الله

*അർത്ഥം:* "നിശ്ചയം ഇമാം ശാഫിഈ(റ) പറഞ്ഞിട്ടുണ്ട്: ഹദീസ് സ്ഥിരപ്പെട്ടുവന്നാൽ അതാണെന്റെ മദ്ഹബ്" *(ശറഹുൽ മുഹദ്ദബ്: 1/92)*

(4) 'സ്വലാത്തുൽ വുസ്ത്വാ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അസർ നമസ്കാരമാണ്. ഇക്കാര്യം നിരവധി ഹദീസുകളിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. (ഉദാ:- സ്വഹീഹ് മുസ്‌ലിം ഹദീസ് നമ്പർ:203,204) എന്നാൽ ഇമാം ശാഫിഈ(റ) പറയുന്നത് അത് സുബ്ഹി നമസ്കാരമാണെന്നാണ്. ഇക്കാര്യം അദ്ദേഹത്തിന്റെ അൽഉമ്മ്, മുഖ്തസർ മുസ്നി, ഇഖ്തിലാഫുൽ ഹദീസ് എന്നീ കിതാബുകളിലെല്ലാം കാണാം. ഇങ്ങനെ അദ്ദേഹം പറയാനുണ്ടായ കാരണം ഈവിഷയത്തിലുള്ള ഹദീസ് അദ്ദേഹത്തിന് ലഭിക്കാത്തതാണെന്ന് ഇമാം നവവി(റ) തന്നെ പറയുന്നത് നോക്കൂ:

(ശറഹ് മുസ്ലിം: 3/140)



١٤٠ (٣٦) باب الدليل لمن قال الصلاة ٥- كتاب المساجد ومواضع الصلاة

وأبو سعيد الخدري وأبو هريرة وعبيدة السلماني والحسن البصري وإبراهيم النخعي وقتادة والضحاك والكلبي ومقاتل وأبو حنيفة وأحمد وداود وابن المنذر وغيرهم رضي الله عنهم. قال الترمذي: هو قول أكثر العلماء من الصحابة فمن بعدهم رضي الله عنهم. وقال الماوردي من أصحابنا: هذا مذهب الشافعي - رحمه الله - لصحة الأحاديث فيه. قال: وإنما نص على أنها الصبح لأنه لم يبلغه الأحاديث الصحيحة في العصر ومذهبه اتباع الحديث. وقالت طائفة: هي الصبح، ممن نقل هذا عنه: عمر بن الخطاب ومعاذ بن جبل وابن عباس وابن عمر وجابر وعطاء وعكرمة ومجاهد والربيع بن أنس ومالك بن أنس والشافعي وجمهور أصحابه وغيرهم رضي الله عنهم، وقال طائفة: هي الظهر نقلوه عن:

അർത്ഥം: "നമ്മുടെ മദ്ഹബുകാരിൽപെട്ട ഇമാം മാവർദി പറയുന്നു: ഹദീസ് സ്വഹീഹായതിനാൽ 'സ്വലാത്തുൽ വുസ്ത്വാ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സുബ്ഹി നമസ്കാരമാണെന്നതാണ് ഇമാം ശാഫിഈ(റ)യുടെയും വീക്ഷണം. കാരണം അത് അസർ നമസ്കാരമാണെന്ന് പറയുന്ന സ്വഹീഹായ ഹദീസുകൾ അദ്ദേഹത്തിന് കിട്ടാത്തതുകൊണ്ടാണ് അദ്ദേഹമത് സുബ്ഹി നമസ്കാരമാണെന്ന് ഖണ്ഡിതമായി പറഞ്ഞത്. അദ്ദേഹത്തിന്റെ മദ്ഹബ് ഹദീസിനെ പിൻതുടരലാണ്.(അതിനാൽ ഈവിഷയത്തിലും മദ്ഹബൊഴിവാക്കി ഹദീസിലേക്ക് മടങ്ങുകയാണ് വേണ്ടത്)" *(ശറഹ് മുസ്ലിം: 3/140)*

(5) സുബ്ഹി ബാങ്കിൽ 'അസ്സ്വലാത്തു ഖൈറും മിനന്നൗം' എന്നു പറയണമെന്ന് നബി(ﷺ) പ്രത്യേകം പറഞ്ഞിട്ടുണ്ട്. (ഉദാ:- സുനനു അബുദാവൂദ് ഹദീസ് നമ്പർ: 500, 501) എന്നാൽ ഇമാം ശാഫിഈ(റ) അദ്ദേഹത്തിന്റെ സുപ്രസിദ്ധ ഗ്രന്ഥമായ *അൽഉമ്മിൽ*പറയുന്നത് സുബ്ഹി ബാങ്കിൽ അങ്ങനെ വിളിച്ചുപറയൽ താൻ ഇഷ്ടപ്പെടുന്നില്ലെന്നും വെറുക്കുകയാണ് ചെയ്യുന്നത് എന്നുമാണ്. പ്രസ്തുത ഉദ്ധരണി ആദ്യം കാണുക:

(അൽ ഉമ്മ്: 1/146)



الأذان ( **قال الشافعي** ) والأذان والإقامة كما حكيت عن آل أبى محذورة فمن نقص منها شيئاً أو قدم مؤخرا أعاد حتى يأتى بما نقص وكل شىء منه فى موضعه والمؤذن الأول والآخر سواء فى الأذان ولا أحب التثويب فى الصبح ولا غيرها لأن أبا محذورة لم يحك عن النبى ﷺ أنه امر بالتثويب فأكره الزيادة فى الأذان (١) وأكره التثويب بعده.

അർത്ഥം: "സുബ്ഹിയുടെ ബാങ്കിലും മറ്റുള്ളവയിലും 'തസ്വീബ്' (അസ്സ്വലാത്തു ഖൈറും മിനന്നൗം) പറയൽ ഞാൻ ഇഷ്ടപ്പെടുന്നില്ല. നിശ്ചയം അബൂമഹ്ദൂറഃ(റ)

നബി(ﷺ)യിൽനിന്ന് ഇപ്രകാരം ഉദ്ധരിക്കുന്നില്ല. അതിനാൽ ബാങ്കിൽ എന്തെങ്കിലും വർദ്ധിപ്പിക്കുന്നതിനെ ഞാൻ വെറുക്കുന്നു. അതുപോലെ അതിന് ശേഷം (ഹയ്യഅലൽ ഫലാഹ് എന്നതിനു ശേഷം) 'അസ്സ്വലാത്തു ഖൈറും മിനന്നൗം' എന്ന് പറയുന്നതിനേയും ഞാൻ വെറുക്കുന്നു." *(അൽ ഉമ്മ്: 1/146)*

മാത്രമല്ല, ഇമാം ശാഫിഈ(റ)യുടെ ഈ അഭിപ്രായം അദ്ദേഹത്തിന്റെ പുതിയ(ജദീദായ) അഭിപ്രായമാണെന്ന് ശേഷം പറയുന്നുമുണ്ട്. അപ്പോൾ ഇതും സ്ഥിരപ്പെട്ട സുന്നത്തിനു എതിരാണെന്നതിൽ തർക്കമില്ലല്ലോ. എന്നാൽ ഇവിടെ ശാഫിഈ മദ്ഹബുകാരെന്നവകാശപ്പെടുന്ന നമ്മുടെ നാട്ടിലുള്ളവർ ഇമാം ശാഫിഈ(റ)യെ ഈവിഷയത്തിൽ തള്ളുകയല്ലേ ചെയ്യാറുള്ളത്! ഈചെയ്യുന്നത് മുജാഹിദുകളാണെങ്കിൽ അതിനെ ഇവർ തന്നെ ആക്ഷേപിക്കാറുള്ളത് മദ്ഹബീ പണ്ഡിതന്മാരോടുള്ള വിരോധമായിട്ടാണ്. എന്നാൽ ഇരുകൂട്ടരും അപ്രകാരം ചെയ്യുന്നതാകട്ടെ ഇമാമിന്റെ അഭിപ്രായത്തിന് വിരുദ്ധമായി സ്വഹീഹായ ഹദീസ് ലഭിച്ചതുകൊണ്ടുമാണ്. ഇക്കാര്യം മുസ്ല്യാക്കന്മാർ തന്നെ സമ്മതിക്കുന്നത് കാണുക:

**(സുന്നി അഫ്കാർ വാരിക 2001 ഏപ്രിൽ 4 പേജ്: 28)**



മിനന്നൗം എന്നു പറയൽ) സുന്നത്തില്ലെന്ന് ഇമാം ശാഫിഈ (റ) 'ഉമ്മി'ൽ പറഞ്ഞിട്ടുണ്ടെന്നത് ശരിതന്നെയാണ്. അബൂമഹ്ദൂറ(റ) എന്ന സ്വഹാബിക്ക് നബി(സ) ബാങ്ക് പഠിപ്പിച്ചുകൊടുത്ത ഹദീസാണ് ഇമാം ശാഫിഈ(റ) തെളിവായി പറഞ്ഞിട്ടുള്ളത്. ആ രിവായത്തിൽ തസ്വീബ് ഇല്ല. 'നബി(സ) തസ്വീബ് കൊണ്ട് കല്പിച്ചു എന്ന് അബൂമഹ്ദൂറ ഉദ്ധരിച്ചിട്ടില്ല. അതിനാൽ സുബ്ഹിയുടെ ബാങ്കിലും മറ്റു ബാങ്കുകളിലും തസ്വീബ് ഞാൻ സുന്നത്താക്കുന്നില്ല. ബാങ്കിൽ തസ്വീബ് വർദ്ധിപ്പിക്കുന്നതിനെ ഞാൻ കറാഹത്താക്കുന്നു' എന്നാണ് ഇമാം ശാഫിഈ(റ) പറഞ്ഞിട്ടുള്ളത്. (ഉമ്മ് 1:73,74)

ഇത് ഇമാം ശാഫിഈയുടെ ഒരു ഖൗലാണ്- എന്നാൽ സുബ്ഹിയുടെ ബാങ്കിൽ തസ്വീബ് സുന്നത്തുണ്ടെന്ന് അദ്ദേഹത്തിന് മറ്റൊരു ഖൗലുണ്ട്. 'മുഖ്തസ്വറുൽ മുസ്നി' അതുദ്ധരിച്ചിരിക്കുന്നു. ഒരു വിഷയത്തിൽ ഇമാമിന് ഒന്നിലേറെ ഖൗലുണ്ടെങ്കിൽ അവയിലൊന്ന് ബലപ്പെടുത്തുമെന്ന് നാം പറഞ്ഞുവല്ലോ. രണ്ട് ഖൗല് വന്നാൽ നമ്മുടെ മുമ്പിലുള്ള മാർഗ്ഗം അത് മാത്രമാണ്. ഇവിടെ തസ്വീബ് സുന്നത്തുണ്ടെന്ന ഖൗലിനെയാണ് പണ്ഡിതന്മാർ ബലപ്പെടുത്തിയിട്ടുള്ളത്. മേൽപറഞ്ഞ അബൂമഹ്ദൂറ(റ)യെ തൊട്ടുതന്നെ തസ്വീബ് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അബൂദാവൂദ് സ്വഹീഹായ പരമ്പരയിലൂടെ ഇത് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ രിവായത്ത് ഇമാം ശാഫിഈ(റ)ക്ക് കിട്ടിയിട്ടില്ലായിരിക്കാം. നബി(സ)യുടെ മുഅദ്ദിനായിരുന്ന ബിലാൽ(റ)വിൽ നിന്നും തസ്വീബ് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അതുപോലെ അലി(റ)വിൽ നിന്നും തസ്വീബ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. തെളിവുകളുടെ പിൻബലം കൂടുതൽ ഉള്ളത് തസ്വീബ് സുന്നത്താണെന്ന ഖൗലിനായതിനാലാണ് പണ്ഡിതന്മാർ അത് ബലപ്പെടുത്തിയത്.

രണ്ടാം ശാഫിഈ എന്ന പേരിലറിയപ്പെടുന്ന ഇമാം നവവി(റ) തന്നെ വ്യക്തമാക്കുന്നത് കാണുക:

**(ശറഹുൽ മുഹദ്ദബ്: 1/63)**



-٦٣-

صح عن الشافعي رحمه الله انه قال اذا وجدتم فى كتابى خلاف سنة رسول الله صلى الله عليه وسلم فقولوا بسنة رسول الله صلى الله عليه وسلم ودعوا قولى؛ وروي عنه اذا صح الحديث خلاف قولى فاعملوا بالحديث واتركوا قولي او قال فهو مذهبي وروى هذا المعنى بالفاظ مختلفة : وقد عمل بهذا أصحابنا في مسألة التثويب واشتراط التحلل من الاحرام بعذر المرض وغيرهما مما هو معروف فى كتب المذهب وقد حكى المصنف ذلك عن الاصحاب فيهما ومن حكى عنه انه أفتى

*അർത്ഥം:* "ഇമാം ശാഫിഈയിൽനിന്നും സ്ഥിരപ്പെട്ടുവന്നിരിക്കുന്നു: തീർച്ചയായും നിങ്ങൾ എന്റെ കിതാബിൽ നബി(ﷺ)യുടെ സുന്നത്തിന് എതിരായി വല്ലതും കണ്ടാൽ എന്റെ അഭിപ്രായത്തെ നിങ്ങൾ ഉപേക്ഷിക്കുകയും നബി(ﷺ)യുടെ സുന്നത്ത് സ്വീകരിക്കുകയും ചെയ്യുക. കാരണം ഹദീസ് സ്വഹീഹായി വന്നാൽ അതാണെന്റെ മദ്ഹബ്. അതിനാൽ എന്റെ അഭിപ്രായത്തിന് എതിരായി ഹദീസ് കണ്ടാൽ ഹദീസ് കൊണ്ട് നിങ്ങൾ അമൽ ചെയ്യുക. എന്റെ വാക്കുകളെ തള്ളിക്കളയുകയും ചെയ്യുക. ഈആശയം പല ശൈലിയിൽ അദ്ദേഹത്തിൽനിന്ന് ഉദ്ധരിക്കപ്പെടുന്നുണ്ട്. ഇമാം ശാഫിഈ(റ)യുടെ ഈ നിർദ്ദേശപ്രകാരമാണ് സുബ്ഹിന്റെ ബാങ്കിൽ 'അസ്സ്വലാത്തു ഖൈറും മിനന്നൗം' എന്ന് പറയുന്ന വിഷയത്തിൽ നമ്മുടെ (മദ്ഹബിന്റെ) ആളുകൾ ചെയ്തിട്ടുള്ളത്." *(ശറഹുൽ മുഹദ്ദബ്: 1/63)*

നോക്കൂ, ലക്ഷക്കണക്കിന് ഹദീസുകൾ മനഃപാഠമുണ്ടായിരുന്നു എന്ന് ഇവർതന്നെ പറയാറുള്ള സാക്ഷാൽ ഇമാം ശാഫിഈ(റ)ക്ക് നിരവധി ആളുകൾ റിപ്പോർട്ടുചെയ്ത ചില പ്രധാന ഹദീസുകൾ ലഭിച്ചിട്ടില്ലെന്ന് ഇവർ തന്നെ ഇവിടെ തുറന്ന് സമ്മതിക്കുന്നു. മദ്ഹബിലെ ആധികാരിക പണ്ഡിതനായ ഇമാം നവവി(റ)യും അത് പറയുന്നു.

ചുരുക്കത്തിൽ മദ്ഹബിന്റെ ഇമാമുകൾക്ക് എല്ലാ ഹദീസും കിട്ടിയിട്ടുണ്ട്, അവർക്ക് തെറ്റുപറ്റിയിട്ടില്ല; അതിനാൽ അവർ പറയുന്നതാണ് ഇസ്ലാമിന്റെ അവസാനത്തെവാക്ക്; അതുകൊണ്ടുതന്നെ ഖുർആനും സുന്നത്തും ഒഴിവാക്കി മദ്ഹബിലേക്ക് മടങ്ങൽ നിർബന്ധമാണ് എന്നെല്ലാം പറയുന്നവർക്ക് മേൽ വരികൾക്കുമുമ്പിൽ ഇനി എന്തുപറയാനുണ്ട്?

ഇനിയും ഈവിഷയത്തിലുള്ള ഏതാനും ഉദ്ധരണികൾകൂടി മുസ്ല്യാക്കന്മാർ ആധികാരിക ഗ്രന്ഥമായി കണക്കാക്കുന്ന ശാഹ് വലിയുല്ലാഹിദ്ദഹ്ലവിയുടെ പ്രസിദ്ധ ഗ്രന്ഥമായ 'ഹുജ്ജത്തുല്ലാഹിൽ ബാലിഗ'യിൽ നിന്നും മുസ്ല്യാക്കന്മാരുടെ പരിഭാഷ സഹിതം കാണുക:

(ഹുജ്ജത്തുല്ലാഹിൽ ബാലിഗ പരിഭാഷ പേജ് 429, പരിഭാഷകൻ: കെവി മുഹമ്മദ് മുസ്‌ലിയാർ പന്താവൂർ)




ഒരു കൂട്ടർ യോജിച്ചു അംഗീകരിച്ച ഹദീസിന്നെതിരായി മറ്റൊന്നിൽനിന്നു ഗവേഷണംചെയ്ത് നിയമം കണ്ടെടുത്തുകൂടാ. ഉദാഹരണം:- അടുത്ത ബന്ധുക്കൾക്ക് അനന്തരാവകാശം ഉണ്ടെന്ന ഹദീസുള്ളപ്പോൾ അതിന്നെതിരെ ഗവേഷണം അനുവദനീയമല്ല. അത്തരം ഗവേഷണത്തിലൂടെയുള്ള മസ്അലകൾക്കിവിടെ വിലയില്ല. അതാണ് ഇമാം ശാഫിഈ(റ) പറഞ്ഞത്: 'ഞാൻ വല്ലതും അഭിപ്രായപ്പെട്ടു, അല്ലെങ്കിൽ ഞാൻ വല്ല മൗലികനിയമങ്ങളും കൊണ്ടുവന്നു. എന്നിട്ടു നിങ്ങളാരെങ്കിലും അതിന്നെതിരായി ഒരു നബിവചനം കണ്ടു, എങ്കിൽ നബിവചനമാണു അംഗീകരിക്കേണ്ടത്.'

(ഹുജ്ജത്തുല്ലാഹിൽ ബാലിഗ പരിഭാഷ പേജ്: 426)




ഇമാം അബൂശാമ പറയുന്നു: 'ഫിഖ്ഹുമായി ബന്ധപ്പെട്ടവർക്ക് ഒരു ഇമാമിന്റെ മദ്ഹബിൽ ഒതുങ്ങിനിന്നുകൂടാ. അയാൾ ഓരോ മസ്അലയും ഖുർആനും സുന്നത്തുമായി ഒത്തുനോക്കണം. മുൻഗാമികളുടെ മുഖ്യമായ ഇൽമുകളെല്ലാം മനസ്സിലാക്കിയവർക്കിതിന്നു എന്താണ് പ്രയാസം? പക്ഷപാതിത്തവും പിൻഗാമികളുടെ ഭിന്നാഭിപ്രായങ്ങളും കൈവിടണം. അതൊക്കെ നേരം കളയാനേ പറ്റൂ. തെളിഞ്ഞുകാണുമെങ്കിലും കലങ്ങിയതാണവ. ഇമാം ശാഫിഈ(റ) തന്നെ പറഞ്ഞതാണ്- തന്നെയോ, മറ്റാരെയെങ്കിലുമോ അന്ധമായി അനുകരിക്കരുതെന്ന്. മുസ്നി(റ) തന്റെ മുഖ്തസ്വറിന്റെ തുടക്കത്തിൽ പറയുന്നു: 'ഞാനിത് സംഗ്രഹിക്കുന്നത് ഇമാം ശാഫിഈയുടെ ഇൽമിൽനിന്നാണ്. അദ്ദേഹം പറഞ്ഞത്- തന്നെയോ മറ്റോ ആരും തഖ്‌ലീദ് ചെയ്യരുതെന്നും ദീനിന്റെ കാര്യത്തിലും നഫ്സിന്റെ കാര്യത്തിലും ജാഗ്രത വേണമെന്നുമാണ്. അതായത് ഇമാം ശാഫിഈ(റ) വിന്റെ ഇൽമ് ആഗ്രഹിക്കുന്നവരോട് അദ്ദേഹം തന്നെ തഖ്‌ലീദ് നിരോധിക്കുന്നു.'

(ഹുജ്ജത്തുല്ലാഹിൽ ബാലിഗ പരിഭാഷ പേജ്: 431)




ഹാകിമും ബൈഹഖിയും ഇമാം ശാഫിഈ(റ)വിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നു: അദ്ദേഹം പറയാറുണ്ട്: 'എന്റെ മദ്ഹബ് സ്വഹീഹായ ഹദീസാണ്.'

മറ്റൊരു റിപ്പോർട്ടിങ്ങനെയാണ്: 'എന്റെ അഭിപ്രായം പ്രബലമായ ഹദീസിന്നെതിരായിവന്നാൽ നിങ്ങൾ ഹദീസ് കൊണ്ട് അമൽ ചെയ്യുവീൻ. എന്റെ അഭിപ്രായം തള്ളിക്കളയുവീൻ.'

ഒരിക്കൽ ശിഷ്യൻ മുസ്നിയോടദ്ദേഹം അരുളി: 'ഇബ്രാഹീമേ, ഞാൻ പറയുന്നത് മുഴുവൻ അതേപടി സ്വീകരിക്കരുത്. നിന്റെകാര്യം നീ തന്നെ നോക്കണം. ദീനാണിത്.'

ഇനിയുമദ്ദേഹം പറയുന്നു: 'നബി(സ്വ)യുടെ വാക്കല്ലാതെ മറ്റാരുടെ വാക്കും പ്രമാണമല്ല- അവർ എത്രയധികം പേരുണ്ടെങ്കിലും ശരി. ഖിയാസാകട്ടെ മറ്റെന്താകട്ടെ, ഇവിടെ അല്ലാഹുവിനേയും റസൂലിനേയും സമ്പൂർണമായി അനുസരിക്കുക മാത്രമാണ് ചെയ്യേണ്ടത്'.

ചിന്തിക്കുക! ഇതെല്ലാം ശാഫിഈ മദ്ഹബിന്റെ ഇമാമായി ഗണിക്കുന്ന സാക്ഷാൽ ഇമാം ശാഫിഈ(റ)യുടെ പ്രസ്താവനകളാണ്. അദ്ദേഹത്തെയും അദ്ദേഹത്തിന്റെ മദ്ഹബിനെയും അന്ധമായി തഖ്ലീദ്(അനുകരണം) ചെയ്യുന്നു എന്ന് പറയുന്നവർ പുനർവിചിന്തനം നടത്തട്ടെ!

ഇനി മറ്റു മദ്ഹബുകളുടെ ഇമാമുകളും ഇക്കാര്യം വെട്ടിത്തുറന്നു പറഞ്ഞത് മേൽ ഗ്രന്ഥത്തിൽനിന്നുതന്നെ കാണുക:

**(ഹുജ്ജത്തുല്ലാഹിൽ ബാലിഗ പരിഭാഷ പേജ്: 430)**



ഹുജ്ജത്തുല്ലാഹിൽ ബാലിഗ

ഇമാം മാലിക്(റ) ഇങ്ങനെ പറയാറുണ്ട്: 'നബി(സ്വ)യല്ലാത്ത ആരുടെ അഭിപ്രായവും തള്ളാനും കൊള്ളാനും പറ്റും.'

**(ഹുജ്ജത്തുല്ലാഹിൽ ബാലിഗ പരിഭാഷ പേജ്: 431)**




'യവാഖീതു വൽ ജവാഹിറി'ൽ പറയുന്നു: ഇമാം അബൂഹനീഫ(റ) പറഞ്ഞു: 'എന്റെ വാക്കുകളെടുത്ത് വിധിക്കുന്നവർ എന്റെ അടിസ്ഥാന തെളിവുകൾ അറിഞ്ഞിരിക്കുകതന്നെവേണം.'

അദ്ദേഹം ഫത്വ ചെയ്യുമ്പോഴെല്ലാം ഇങ്ങനെ പറയാറുണ്ട്: 'ഇതു നുഅ്മാനുബിൻ സാബിതിന്റെ അഭിപ്രായമാണ്. ഞാനിത് നന്നായി പരിശോധിച്ചെടുത്തതാണ്. എന്നാൽ ഇതിലും നല്ല അഭിപ്രായം കിട്ടിയാൽ അത് നിങ്ങൾ സ്വീകരിച്ചുകൊൾക അതായിരിക്കും കൂടുതൽ ശരി.'

**(ഹുജ്ജത്തുല്ലാഹിൽ ബാലിഗ പരിഭാഷ പേജ്: 431)**




ഇമാം അഹ്മദ്(റ) പറയാറുണ്ട്: 'അല്ലാഹുവിന്റെയും റസൂലിന്റെയും പ്രമാണങ്ങൾക്ക്മുമ്പിൽ വേറെ പ്രമാണങ്ങൾക്കു വിലയില്ല.'

ഒരാളോടദ്ദേഹം പറഞ്ഞു: 'നീ എന്നെയോ, മാലികിനെയോ, ഔസാഈയെയോ, നഖ്ഈയെയോ മറ്റോ തഖ്ലീദുചെയ്യാതെ, അവരെപ്പോലെ കിതാബിൽനിന്നും സുന്നത്തിൽനിന്നും നിയമങ്ങൾ കണ്ടെത്തുക'

അപ്പോൾ നാലു മദ്ഹബിന്റെ ഇമാമുകളും. സമൂഹത്തെ പഠിപ്പിച്ചത് ഞങ്ങളുടെ വാക്കുകൾക്ക് വിരുദ്ധമായി നബി(ﷺ)യുടെ സുന്നത്ത്(ഹദീസ്) കണ്ടാൽ അതിലേക്ക്മടങ്ങി ഞങ്ങളുടെ വാക്കിനെ ഉപേക്ഷിക്കണമെന്നാണ്. കാരണം അവർക്കൊന്നും നബി(ﷺ)യുടെ സുന്നത്ത് പൂർണ്ണമായി കിട്ടിയിട്ടില്ലെന്ന് അവർക്കുതന്നെ നല്ല ബോധ്യമുണ്ടായിരുന്നു. ചുരുക്കത്തിൽ അവരെല്ലാവരും ഏക സ്വരത്തിൽ പ്രഖ്യാപിച്ചത്: إذا صحّ الحديث فهو مذهبي (ഹദീസ് സ്ഥിരപ്പെട്ടുവന്നാൽ അതാണെന്റെ മദ്ഹബ്) എന്നാണ്.

നബി(ﷺ)യുടെ സുന്നത്ത്(ഹദീസ്) പൂർണമായും കിട്ടാത്തതുകൊണ്ടാണ് അവ

രെല്ലാം ഇങ്ങനെ പറഞ്ഞതെന്ന് പറഞ്ഞല്ലോ. അതിന് പ്രത്യേക കാരണവുമുണ്ട്. അഥവാ, അവരൊക്കെ ജീവിച്ചത് നബി(ﷺ)യുടെ വചനങ്ങൾ (ഹദീസ്) ഇന്നത്തെപ്പോലെ ക്രോഡീകരിക്കുന്നതിന്റെ മുമ്പായിരുന്നു എന്നതാണ് പ്രധാന കാരണം.

നബി(ﷺ)യുടെയും സ്വഹാബത്തിന്റെയും കാലത്ത് ഹദീസുകൾ ക്രോഡീകരിക്കേണ്ടുന്ന ആവശ്യമുണ്ടായിരുന്നില്ല. പ്രവാചകന്റെ കാലത്ത് മതപരമായ സംശയങ്ങൾ നബി(ﷺ)യോട് നേരിട്ട് ചോദിച്ചു തീർക്കാമായിരുന്നു. എന്നാൽ ആ മഹത്തായ അവസരം കിട്ടിയ സഹാബിമാർക്കുപോലും നബി(ﷺ)യുടെ എല്ലാ ഹദീസുകളും ലഭിച്ചിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ നബി(ﷺ)യുടെ വഫാത്തിനുശേഷം തങ്ങൾക്കറിയാത്ത കാര്യങ്ങൾ വരുമ്പോൾ അവരിൽ അറിയുന്നവരോട് ചോദിച്ച് സംശയങ്ങൾ തീർക്കുകയായിരുന്നു അവരുടെ പതിവ്. അങ്ങനെ പ്രകത്ഭരായ സ്വഹാബിമാർ പോലും മറ്റുള്ളവരോട് ചോദിച്ച് സംശയങ്ങൾ തീർത്തിരുന്നതും തിരുത്തിയിരുന്നതുമായ സംഭവങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിൽ എമ്പാടും കാണാൻ സാധിക്കും. എന്നാൽ അങ്ങനെയുള്ള സ്വഹാബിമാരിൽതന്നെ പലരും പിൽകാലത്ത് ദഅ്വത്തിനു വേണ്ടിയും ഉപജീവനാർത്ഥവും വിവിധ രാജ്യങ്ങളിലേക്കും വിദൂര പ്രദേശങ്ങളിലേക്കും താമസം മാറിയിട്ടുണ്ടായിരുന്നു. അവർ തങ്ങൾക്കറിയുന്ന കാര്യങ്ങളെല്ലാം അടുത്ത തലമുറയെ പഠിപ്പിച്ചു. അവരാണ് താബിഉകൾ. എന്നാൽ അവരിലും വിവിധ പ്രദേശങ്ങളിലേക്ക് മാറിതാമസിച്ചിരുന്നവർ തങ്ങൾക്കു ലഭിച്ച പരിമിതമായ അറിവിൽ ഒതുങ്ങി കഴിയേണ്ടിവന്നു. എന്നാൽ സുന്നത്തുകൾ പൂർണമായും നഷ്ടപ്പെട്ടിട്ടുണ്ടോ? ഇല്ല. എല്ലാം പലരിലുമായി പലസ്ഥലങ്ങളിലാണുള്ളത്. എല്ലാവർക്കും യഥേഷ്ടം ബന്ധപ്പെടാൻ ഇന്നത്തെപ്പോലെ വാർത്താ മാധ്യമങ്ങളോ യാത്രാ സൗകര്യങ്ങളോ വേണ്ടത്ര ഇല്ലതാനും. അങ്ങനെ ഇസ്‌ലാമിക വിജ്ഞാനങ്ങളിലെ കാതലായ ഒരുവശം (നബി(ﷺ)യുടെ സുന്നത്തുകൾ) കൃത്യമായ ക്രോഡീകരണമില്ലാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിതറിക്കിടന്നു. അതുകൊണ്ടുതന്നെ ഇനി വരുന്ന പുതിയ തലമുറക്ക് അത് പൂർണമായും ലഭിക്കണമെങ്കിൽ ക്രോഡീകരിക്കൽ അനിവാര്യമാണ്. അങ്ങനെ ഈഅനിവാര്യത മനസ്സിലാക്കിയ അടുത്ത തലമുറയിലെ സൂക്ഷ്മാലുക്കളായ ചില പണ്ഡിതരാണ് ഹദീസ് ക്രോഡീകരണത്തിനുള്ള ശ്രമങ്ങളാരംഭിച്ചത്.

മാത്രമല്ല, ഈസമയത്തുതന്നെ ഇസ്‌ലാമിന്റെ ശത്രുക്കളിൽ പലരും മതത്തെ തകർക്കുവാനും തെറ്റിദ്ധരിപ്പിക്കുവാനും വേണ്ടി 'ഹദീസ്' എന്ന പേരിൽ പലതും കെട്ടിയുണ്ടാക്കാനും തുടങ്ങി. അതുകൊണ്ടുതന്നെ ക്രോഡീകരിക്കുന്നത് മുഴുവനും അതേ അർത്ഥത്തിൽ സ്വീകരിക്കാൻ പറ്റാത്ത അവസ്ഥ സംജാതമാവുകയും ചെയ്തു. അതിലെ നെല്ലും പതിരും ശരിക്കും വേർതിരിക്കേണ്ടതായിവന്നു. അതിനായി പണ്ഡിതന്മാർ വ്യക്തമായ മാനദണ്ഡങ്ങളാവിഷ്കരിക്കുകയുംചെയ്തു. അതാണ് 'ഉസൂലുൽ ഹദീസ്' (ഹദീസ് നിദാന ശാസ്ത്രം) എന്ന പേരിൽ അറിയപ്പെടുന്നത്.

പല പണ്ഡിതന്മാരും ഈരംഗത്ത് മഹത്തായ സംഭാവനകളർപ്പിച്ചുകൊണ്ട് വിവിധ നാടുകളിലും ദേശങ്ങളിലും ചുറ്റിക്കറങ്ങുകയും ഏറെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിച്ച് ഹദീസുകൾ ക്രോഡീകരിക്കുകയും ചെയ്തു. അതാണ് ഇന്ന് നമ്മുടെ കയ്യിലുള്ള സ്വഹീഹുൽ ബുഖാരി, സ്വഹീഹ് മുസ്‌ലിം, അബൂദാവൂദ്, തിർമുദി, നസാഈ, ഇബ്നുമാജ... തുടങ്ങിയ നിരവധി ഹദീസ് ഗ്രന്ഥങ്ങൾ. ഇവയിൽതന്നെ സ്വഹീ

ഹുൽ ബുഖാരി, സ്വഹീഹ് മുസ്ലിം പോലെ അതീവ സൂക്ഷ്മതയോടെ ക്രോഡീകരിച്ചവയും അല്ലാത്തവയുമുണ്ട്. പക്ഷെ പിൽകാലത്ത് അവയിലെയെല്ലാം സ്വഹീഹും( കുറ്റമറ്റത്) ളഈഫും(ദുർബലം) വേർതിരിക്കാൻവേണ്ടി അതിലെ റിപ്പോർട്ടർമാരെ കുറിച്ച് ആഴത്തിലും സൂക്ഷ്മമായും പഠിച്ച് അവരുടെ ജീവചരിത്രവും മറ്റും ക്രോഡീകരിക്കുകയുണ്ടായി (രിജാലുൽ ഹദീസ്) അതാണ് ഇപ്പോൾ അവരുടെ സത്യസന്ധതയും ന്യൂനതയും മനസ്സിലാക്കാൻ ഉപയോഗപ്പെടുത്തികൊണ്ടിരിക്കുന്നത്.

പറഞ്ഞുവന്നത് മദ്ഹബീ പണ്ഡിതന്മാരുടെ കാലത്ത് ഇന്നത്തെപ്പോലെഹദീസുകൾ ക്രോഡീകരിച്ചിട്ടില്ല എന്നതാണല്ലോ. അങ്ങനെ അവർക്ക് ഹദീസുകൾ മുഴുവനും കിട്ടിയിട്ടില്ലാത്തതിനാൽ അവരുടെ വാക്കുകളിൽ സ്ഥിരപ്പെട്ട ഹദീസുകളിൽ വന്ന ആശയങ്ങൾക്കെതിരായ കുറെ പ്രസ്താവനകൾ കാണാൻ സാധിക്കും. ഇവിടെയും അവർ നിരപരാധികളാണ്. കാരണം അവർ സമൂഹത്തെ പഠിപ്പിച്ചതും ശിഷ്യന്മാരോട് പ്രത്യേകം വസിയ്യത്ത് ചെയ്തതും ഹദീസുകളിലേക്ക് മടങ്ങാനാണ് എന്ന് നേരത്തെ നാം ഉദ്ധരിച്ചല്ലോ. അതിനാൽ അത്തരം ഘട്ടങ്ങളിൽ (അവരുടെ പ്രസ്താവനകളിൽ ഹദീസുകൾക്കെതിരായ വല്ലതും കണ്ടാൽ) അവരുടെ പ്രസ്തുത വസിയ്യത്ത് മുഖവിലക്കെടുത്തുകൊണ്ട് സുന്നത്തിലേക്ക് മടങ്ങുകയാണ് നാം ചെയ്യേണ്ടത്. അതാണ് നാം അവരോട് കാണിക്കുന്ന ഏറ്റവും വലിയ സ്നേഹവും കടപ്പാടും. അവരുടെ പ്രകത്ഭരായ ശിഷ്യന്മാർ ചെയ്തിട്ടുള്ളതും അപ്രകാരമാണ്. (അതിനുള്ള ഉദാഹരണങ്ങൾ നേരത്തെ നാം ഉദ്ധരിച്ചുവല്ലോ.)

എന്നാൽ മദ്ഹബിന്റെ ഇമാമുകൾതന്നെ തങ്ങൾക്ക് നേരത്തെ ഉണ്ടായിരുന്ന അഭിപ്രായങ്ങൾക്കെതിരായി പിന്നീട് തെളിവുകൾ(ഹദീസുകൾ) കിട്ടിയപ്പോൾ അത് തിരുത്തുകയും ചെയ്തിരുന്നു. അതിനവർക്ക് യാതൊരു ഭയവും മടിയുമുണ്ടായിരുന്നില്ല. ആദ്യം പറഞ്ഞതിൽ അവർ കടിച്ചുതൂങ്ങിയിരുന്നില്ല. ഇത്തരമൊരു വിശാല മനസ്സ് കാണിക്കാൻ തയ്യാറായതുകൊണ്ടാണ് ഇമാം ശാഫിഈ(റ)ക്ക് ഖദീം(പഴയത്), ജദീദ്(പുതിയത്) എന്നിങ്ങനെ രണ്ടഭിപ്രായങ്ങൾതന്നെയുണ്ടായത്. ഒരു മുസ്ല്യാരുടെ വരികളിലൂടെതന്നെ ഇക്കാര്യം വായിക്കുക: (മഹല്ലി പരിഭാഷ: 1/27,28)




ഹിജ്റ— 195ൽ മഹാൻ ബഗ്ദാദിൽ പോയി ഒരു മാസം താമസിച്ചു. അവിടെ വെച്ചാണ് തന്റെ 'ഖദീമാ'യ (പഴയ) അഭിപ്രായങ്ങൾ ക്രോഡീകരിച്ചത്. പിന്നീട് ഈജിപ്തിലെ താമസക്കാലത്താണ് ജദീദായ (പുതിയ) അഭിപ്രായങ്ങൾ ക്രോഡീകരിച്ചത്. പഴയ ചില അഭിപ്രായങ്ങൾക്കെതിരെ തെളിവുകൾ ദൃഷ്ടിയിൽ പെട്ടപ്പോൾ അവ തിരുത്തിയെഴുതാൻ മഹാത്മാവിന്നു യാതൊരു വിഷമവും തോന്നിയില്ല. സത്യം വെളിപ്പെടുത്തുക മാത്രമായിരുന്നു തന്റെ ലക്ഷ്യമെന്നതിന്ന് ഇതു തന്നെ മതി തെളിവ്. താൻ തന്നെ ഒരിക്കൽ പറഞ്ഞു: "എന്റെയോ, എതിർകക്ഷിയുടേയോ നാവിലൂടെ സത്യം പുറത്തുവരണമെന്ന ലക്ഷ്യത്തോടെയല്ലാതെ ഞാൻ ആരുമായും തർക്കിക്കാറില്ല."

അല്ലെങ്കിലും നാലും അതിലധികവും മദ്ഹബുകൾ ജന്മമെടുത്തതുതന്നെ ഒരാൾ മറ്റൊരാളെ അന്ധമായി അനുകരിക്കാത്തതുകൊണ്ടും തങ്ങൾക്കുകിട്ടിയ പുതിയ തെളിവുകളുടെ (ഹദീസ്) അടിസ്ഥാനത്തിൽ മാറിയിരുന്നതുകൊണ്ടുമാണല്ലോ.

ചുരുക്കത്തിൽ ഇസ്ലാമിക പ്രമാണങ്ങളായ വിശുദ്ധ ഖുർആനിന്റെയും തിരുസുന്നത്തിന്റെയും തീരുമാനങ്ങളാണ് നാം സ്വീകരിക്കേണ്ടത്. അവയോട് യോജിക്കുന്ന തരത്തിൽ ഏത് മദ്ഹബിന്റെ ഇമാമും ശിഷ്യന്മാരും പറഞ്ഞാലും അത് നമുക്ക് സ്വീകരിക്കാം. എന്നാൽ ആപ്രമാണങ്ങളോട് വിയോജിക്കുന്ന തരത്തിൽ അവരുടെ ഗ്രന്ഥങ്ങളിലും അഭിപ്രായങ്ങളിലും വല്ലതും കണ്ടാൽ അവരോടുള്ള എല്ലാ സ്നേഹ ബഹുമാനങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ പ്രമാണങ്ങളിലേക്ക് (ഖുർആനിലേക്കും നബി(ﷺ)യുടെ സുന്നത്തിലേക്കും) മടങ്ങുകയും ചെയ്യുക. അതാണ് ഇസ്ലാമിന്റെ കൽപനയും മദ്ഹബീ ഇമാമുമാരുടെ വസ്വിയ്യത്തും.

എന്നാൽ ഇന്ന് നമ്മുടെ സമൂഹത്തിന്റെ അവസ്ഥയെന്താണ്? അല്ലാഹുവിന്റെയും നബി(ﷺ)യുടെയും (ഖുർആൻ, ഹദീസ്) ശക്തമായ കൽപനകൾ കണ്ടാൽപോലും അതവഗണിച്ച് തൽസ്ഥാനത്ത് മദ്ഹബുകൾ പ്രതിഷ്ഠിക്കുന്ന ഒരവസ്ഥയിലേക്ക് ഇന്നത്തെ പണ്ഡിതന്മാരും പൊതുജനങ്ങളും മാറിക്കഴിഞ്ഞിരിക്കുന്നു. ഇത്തരമൊരു പശ്ചാത്തലത്തിൽ അവർക്ക് പുനർവിചിന്തനം നടത്താനും മദ്ഹബിന്റെ ഇമാമുകൾ പറഞ്ഞതുപോലെ യഥാർത്ഥ സുന്നത്തിലേക്ക് മടങ്ങാനും വേണ്ടി മദ്ഹബിലെ കിതാബുകൾ തന്നെ ഉദ്ധരിച്ചുകൊണ്ട് തങ്ങളുടെ ആദർശത്തെ വിശകലനം ചെയ്യൽ എന്തുകൊണ്ടും പ്രസക്തമാണ്.